Room – 717– Assembly Building 4.00pm–5.00pm

## സെഷൻ 2– വിഷയാടിസ്ഥാനത്തിലുള്ള ചർച്ച

## പ്രളയാനന്തര നവകേരള നിർമ്മിതിയിൽ ആഗോളകേരളത്തിന്റെ ഇടപെടൽ

1. ദുരന്തങ്ങളെ അതിജീവിച്ച ജനങ്ങൾക്ക് (പ്രത്യേകിച്ച് കുട്ടികൾക്ക്) അത് അവരുടെ മനസിലുണ്ടാക്കിയ ആഘാതം പരിഹരിച്ച് ആരോഗ്യകരമായ മാനസികാവസ്ഥ വീണ്ടെടുക്കുന്നതിനു ശ്രദ്ധാപൂർവ്വമായ കൗൺസിലിംഗ് ആവശ്യമാണ്. കേരളം ഇക്കാര്യത്തിൽ നടത്തിവരുന്ന നടപടികൾ സൈക്കോളജി വിദ്യാർത്ഥികളുടെ സേവനം കൂടി ഉപയോഗിച്ച് ശക്തിപ്പെടുത്തുന്നതിന് പ്രവാസികളായ ഡോക്ടർമാരും മറ്റ് ആരോഗ്യമേഖലാ സംഘടനകൾക്കും സഹായിക്കാനാകും. ഇത് സർക്കാർ പരിഗണിക്കണം.

2. പ്രളയാനന്തര പുനർനിർമ്മാണത്തിന് ധനസഹായവും സാമ്പത്തിക സഹായവും നൽകാൻ ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിൽ ഐടി മേഖലയിലുള്ള പ്രവാസി മലയാളികൾക്കു കഴിയും. അത്തരം സഹായം ശേഖരിക്കുന്നതിന് മന്ത്രിമാരുടെയും സാംസ്കാരിക നായകന്മാരുടേയും നേതൃത്വത്തിൽ മലയാളികളേറെയുള്ള ഐ.ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മലയാളി ജീവനക്കാരുടെ യോഗം സംഘടിപ്പിക്കുന്നതിനും അവിടെ സർക്കാരിന്റെ പദ്ധതികൾ അവതരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

3. പ്രളയാനന്തര പുനർനിർമ്മാണത്തിനായി പൊതുജനങ്ങളിൽ നിന്നു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ശേഖരിച്ച ഫണ്ട് ദുരുപയോഗിക്കപ്പെടുന്നുവെന്ന ദുഷ്പ്രചരണം ശക്തമാണ്. അതു ശക്തമായും വ്യക്തമായും തന്നെ ചെറുക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം.

4. കാസർഗോഡ് ജില്ല പോലുള്ള പ്രദേശങ്ങളിലെ വേനൽക്കാല കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പുഴകളിൽ ചെക്കുഡാമുകൾ പോലുള്ള നിർമ്മിതികൾ സാദ്ധ്യമാണോ എന്നു പരിശോധിക്കണം. മണ്ണൊലിപ്പ് തടയുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കണം ഇത്തരം കാര്യങ്ങളിൽ ലോകത്തിന്റെ മറ്റിടങ്ങളിലുള്ള മാതൃകകൾ ഉപയുക്തമാണോ എന്നും പരിശോധിക്കണം.

5. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രവാസികൾ വീടുകൾ നിർമ്മിച്ചു നൽകാൻ തയ്യാറായ ഇടങ്ങളിൽ ചിലയിടത്ത് (ഉദാ. വയനാട് ജില്ലയിൽ 12 വീടുകളുടെ പദ്ധതി) അതിനുള്ള ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിനു തടസ്സമുണ്ടായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പെട്ടെന്നു പരിഹരിക്കണം.